# മന്ത്രിസഭാ തീരുമാനങ്ങൾ

## (21.10.2009)

- എൻ.എച്ച് 49, എൻ.എച്ച് 220, എൻ.എച്ച്. 212, എൻ.എച്ച്. 213, എൻ.എച്ച്. 208 എന്നിവ എൻ.എച്ച്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് കേന്ദ്രസർക്കാരുമായി ധാരണാപത്രം ഒപ്പു വെയ്ക്കുവാൻ മന്ത്രിസഭ തീരുമാനിച്ചു. നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് തർക്കങ്ങൾ പരിഹരിക്കുന്നതിന് കളക്ടർ മുൻകൈ എടുത്ത് നാഷണൽ ഹൈവേ ഉദ്യോഗസ്ഥർ, എം.എൽ.എ.മാർ മറ്റ് ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കുന്ന യോഗങ്ങൾ വിളിച്ചു ചേർക്കുന്നതിനും അഭിപ്രായങ്ങൾ ആരായുന്നതുമാണ്.
- നാഷണൽ ഇ-ഗവേണൻസ് പദ്ധതി അനുസരിച്ച് ഇ-പ്രൊക്യൂർമെന്റ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്നു. ഇതിനായി സ്റ്റോർ പർച്ചേസിംഗ് മാനുവേലിലും പി.ഡബ്ല്യൂ.ഡി. മാനുവേലിലും അനുയോജ്യമായ ഭേദഗതികൾ വരുത്തുവാൻ തീരുമാനിച്ചു.
- ടെക്നോസിറ്റി പദ്ധതിയിൽ പള്ളിപ്പുറം, മേൽതോന്നക്കൽ, വെയിലൂർ, അണ്ടൂർക്കോണം വില്ലേജുകളിൽ നിന്നും കുടിയൊഴുപ്പിക്കപ്പെടുന്നവർക്കുവേണ്ടിയുള്ള പുനരധിവാസ പാക്കേജ് അംഗീകരിച്ചു.
- കേന്ദ്രസർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന സമുദ്ര മത്സ്യബന്ധന നിയമം സംസ്ഥാന സർക്കാരിന്റെ അധികാര അവകാശങ്ങളിലുള്ള കടന്നുകയറ്റമാണെന്ന് ക്യാബിനറ്റിൽ തെളിഞ്ഞു. ഇതിനെതിരെ സംസ്ഥാന സർക്കാരിന്റെ എതിർപ്പ് ഇതിനകം തന്നെ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഈ നിയമം പ്രാവർത്തികമായാൽ കേരളത്തിന്റെ കടൽപ്രദേശം ഇന്ത്യൻ കോർപ്പറേറ്റുകൾക്കും വിദേശ മത്സ്യബന്ധന കപ്പലുകൾക്കും നിർബാധം മത്സ്യബന്ധനം നടത്തുന്നതിന് അവസരം ഉണ്ടാക്കും. തീരദേശ മത്സ്യത്തൊഴിലാളികൾ പട്ടിണിയിൽ ആകുന്ന അവസ്ഥ സൃഷ്ടിക്കപ്പെടും. ഭരണഘടനാപരമായി ഫിഷറീസ് സംസ്ഥാന വിഷയമായിരിക്കെ സംസ്ഥാനത്തിന്റെ അധികാരം വ്യണപ്പെടുത്തുന്ന രീതിയിലുള്ള കേന്ദ്ര നീക്കം ഉപേക്ഷിക്കണം. ആഴക്കടൽ മത്സ്യമേഖലയിൽ വിദേശ കപ്പലുകളെ അനുവദിക്കാൻ പാടില്ല. ആഴക്കടൽ മത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണസംഘങ്ങൾക്കും പങ്കാളിത്തം ഉറപ്പുവരുത്തുന്ന വിധത്തിൽ വ്യവസ്ഥയുണ്ടാക്കണം. ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് അടിയന്തിരമായി തീരസംസ്ഥാനങ്ങളിലെ ഫിഷറീസ് മന്ത്രിമാരുടെ യോഗം വിളിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുവാൻ മന്ത്രിസഭ തീരുമാനിച്ചു.
- പാലക്കാട് കോട്ടായി ആസ്ഥാനമായി പുതിയ സബ് രജിസ്ട്രാർ ഓഫീസ് അനുവദിക്കുവാൻ തീരുമാനിച്ചു. ഇതിന് ആവശ്യമായ തസ്തികകൾ അനുവദിക്കുവാനും തീരുമാനിച്ചു.
- അവശയായി കിടപ്പിലായ, മലയാളത്തിലെ ആദ്യ ശബ്ദചിത്രത്തിലെ നായിക കമലത്തിന് ഒരു ലക്ഷം രൂപ ധനസഹായം നൽകാൻ തീരുമാനിച്ചു.

******